# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**04.02.2020 ൽ മറുപടിക്ക്**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നം. 560**

### പരമ്പരാഗത തൊഴിലാളികൾക്ക് ഖനന നിയമങ്ങളിൽ ഇളവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |

(എ) പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് നിലവിലുള്ള എല്ലാ ഖനന നിയമങ്ങളിലും ഇളവ് നൽകിക്കൊണ്ട് 2015-ൽ പുറപ്പെടുവിച്ചിട്ടുള്ള മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഉത്തരവ് പ്രകാരം അമ്പത് ടൺ വരെ മണ്ണ് ഖനനം ചെയ്യുന്നതിനുള്ള അനുമതി തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ യെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(എ) & (ബി) 2015- ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 106(5) പ്രകാരം പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്ക് 50 MT വരെ ഓർഡിനറി ക്ലേ (സാധാരണ ചെളി) ഖനനം ചെയ്തുപയോഗിക്കുന്നതിന് ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളതും, ആയത് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അധികാരം ഉള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ലഭിക്കുന്നതിനനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിയമാനുസൃതം നടപടി സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ